**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2748** **17-03-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പിൽ ജീവനക്കാരുടെ ഓൺലൈൻ സ്ഥലം മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | null<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ വകുപ്പിൽ ജീവനക്കാരുടെ ഓൺലൈൻ സ്ഥലം മാറ്റ മാനദണ്ഡങ്ങൾ സംബന്ധിച്ച് 25.02.2017-ലെ ജി.ഒ(പി.) നം.3/2017/ പി&എ.ആർ.ഡി-ഉം 21.10.2021-ലെ ജി.ഒ(ആർ.ടി.)നം.155/2021/പി&എ.ആർ.ഡി-ഉം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | സഹകരണ വകുപ്പിൽ ജീവനക്കാരുടെ ഓൺലൈൻ സ്ഥലം മാറ്റ മാനദണ്ഡങ്ങൾ സംബന്ധിച്ച് 25.02.2017-ലെ ജി.ഒ.(പി) നം. 3/2017/ പി&എ.ആർ.ഡി., 21.10.2021-ലെ ജി.ഒ.(ആർ.ടി.) നം. 155/2021/പി&എ.ആർ.ഡി. എന്നീ ഉത്തരവുകൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 16.07.2021-ലെ ഒ.എ.നം.1315/2021 ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികളും കൈക്കൊണ്ടുവരുന്നു. ഇതിന്റെ ഭാഗമായി ജീവനക്കാരുടെ ജില്ലതിരിച്ചുള്ള വിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ ശേഖരിക്കുകയും ഡാറ്റാബേസ് (Database) തയ്യാറാക്കി ക്രോഡീകരിക്കുന്നതിലേയ്ക്കായി സാങ്കേതിക സംവിധാനം ലഭ്യമാക്കുവാൻ നാഷണൽ ഇൻഫർമാറ്റിക് സെന്ററിന് (N.I.C.) കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. പൊതു സ്ഥലംമാറ്റം സംബന്ധിച്ച നിർദ്ദേശങ്ങളുടെ കരടും വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ആയത് ഉദ്യോഗസ്ഥ തലത്തിലും സർവ്വീസ് സംഘടനകളുമായും ഉള്ള ചർച്ചകൾക്ക് ശേഷം ദ്രുതഗതിയിൽ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) | സഹകരണ വകുപ്പിൽ ജീവനക്കാരുടെ ഓൺലൈൻ സ്ഥലം മാറ്റ മാനദണ്ഡങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 16.07.2021-ലെ ഒ.എ.നം.1315/2021 ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്തെന്ന് അറിയിക്കാമോ ? | (ബി) | സഹകരണ വകുപ്പിൽ ജീവനക്കാരുടെ ഓൺലൈൻ സ്ഥലം മാറ്റ മാനദണ്ഡങ്ങൾ സംബന്ധിച്ച് 25.02.2017-ലെ ജി.ഒ.(പി) നം. 3/2017/ പി&എ.ആർ.ഡി., 21.10.2021-ലെ ജി.ഒ.(ആർ.ടി.) നം. 155/2021/പി&എ.ആർ.ഡി. എന്നീ ഉത്തരവുകൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 16.07.2021-ലെ ഒ.എ.നം.1315/2021 ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികളും |

| | | | |
|---|---|---|---|
| | | | കൈക്കൊണ്ടുവരുന്നു. ഇതിന്റെ ഭാഗമായി ജീവനക്കാരുടെ ജില്ലതിരിച്ചുള്ള വിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ ശേഖരിക്കുകയും ഡാറ്റാബേസ് (Database) തയ്യാറാക്കി ക്രോഡീകരിക്കുന്നതിലേയ്ക്കായി സാങ്കേതിക സംവിധാനം ലഭ്യമാക്കുവാൻ നാഷണൽ ഇൻഫർമാറ്റിക് സെന്ററിന് (N.I.C.) കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. പൊതു സ്ഥലംമാറ്റം സംബന്ധിച്ച നിർദ്ദേശങ്ങളുടെ കരട്ടും വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ആയത് ഉദ്യോഗസ്ഥ തലത്തിലും സർവ്വീസ് സംഘടനകളുമായും ഉള്ള ചർച്ചകൾക്ക് ശേഷം ദ്രുതഗതിയിൽ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ